(സി) കേരളത്തിലെ എല്ലാ ജില്ലകളിലെയും സർക്കാർ സ്കൂളുകളിലെ കുട്ടികൾക്കിടയിൽ ഇന്റർനെറ്റിന്റെ ദുരുപയോഗത്തിനെതിരെ വ്യാപകമായ അവബോധം സൃഷ്ടിക്കുക എന്നതാണ് സൈബർ ദർശൻ പദ്ധതിയുടെ ആദ്യഘട്ടം. സ്കൂളുകളിലെ തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും അവർ പിന്നീട് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കിടയിൽ അവബോധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്ന രീതിയാണ് അവലംബിക്കുന്നത്. രണ്ടാം ഘട്ടത്തിൽ സ്കൂളുകളിൽ സൈബർ ക്ലബ്ബുകൾ രൂപീകരിക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു. സ്കൂളുകളിലെ പ്രധാന അദ്ധ്യാപകൻ/അദ്ധ്യാപിക, അദ്ധ്യാപക പ്രതിനിധി, പി.ടി.എ. ഭാരവാഹി, ഏതാനും വിദ്യാർത്ഥി പ്രതിനിധികൾ എന്നിവർ അടങ്ങുന്നതായിരിക്കും സ്കൂളുകളിലെ സൈബർ ക്ലബ്ബുകൾ. അതത് സ്കൂളുകളിലെ ഇന്റർനെറ്റ് ഉപയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, സൈബർ കുറ്റങ്ങൾ തുടങ്ങിയവ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം കാര്യങ്ങൾ, മറ്റ് തന്നത് പരിപാടികൾ എന്നിവയായിരിക്കും സൈബർ ക്ലബ്ബുകളുടെ പ്രവർത്തനമേഖല. ഇത്തരം ക്ലബ്ബുകളുടെ പ്രവർത്തനത്തിലൂടെ ഉത്തരവാദിത്തത്തോടെ ഇന്റർനെറ്റ് ഉപയോഗിക്കുന്ന വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കാൻ ആവുമെന്നാണ് സൈബർ ദർശൻ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

(ഡി) ഇപ്പോൾ പദ്ധതി നടപ്പിലാക്കി വരുന്നത് സി-ഡിറ്റ് മുഖേനയാണ്.

വിദേശ ജയിലുകളിൽ കഴിയുന്ന മലയാളികൾ

107 (3075) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ;

(ബി) ഇല്ലെങ്കിൽ വിവരങ്ങൾ ശേഖരിക്കാനും, വിശകലനം ചെയ്യാനും നിർദ്ദേശം നല്കുമോ ;

(സി) മാലി, പാകിസ്ഥാൻ എന്നിവിടങ്ങളിൽ തടവിലുള്ള മലയാളികളുടെ എണ്ണം വ്യക്തമാക്കുമോ ; തടവിലാകാനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിദേശരാജ്യങ്ങളിലെ ജയിലിൽ കഴിയുന്ന കേരളീയരുടെ കണക്കുകൾ ശേഖരിച്ചിട്ടില്ല.

(ബി) വിദേശജയിലുകളിൽ കഴിയുന്ന ഇന്ത്യക്കാരുടെ വിശദാംശങ്ങൾ അതാത് സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോടും ഗൾഫ് രാജ്യങ്ങളിലെ ഇന്ത്യൻ മിഷനുകളോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) മാലി, പാകിസ്ഥാൻ ജയിലുകളിൽ തടവിലുള്ള മലയാളികളുടെ കണക്ക് ലഭ്യമായിട്ടില്ല.

പ്രവാസിക്ഷേമ പദ്ധതികൾ

108 (3076) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും. സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ രാജ്യങ്ങളിൽ പ്രവാസിക്ഷേമ പദ്ധതികൾ പ്രചരിപ്പിക്കാനും പദ്ധതിയിൽ കൂടുതൽ പേരെ അംഗങ്ങളാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) വിദേശ രാജ്യങ്ങളിൽ നോർക്കയുടെ ഹെൽപ്പ് ഡസ്കുകൾ എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ട് ; പുതുതായി എവിടെയെല്ലാം ആരംഭിക്കാനുണ്ട് ; അതുവഴി എന്തെല്ലാം സേവനങ്ങൾ ഇപ്പോൾ നൽകിവരുന്നു; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രവാസികൾക്കുള്ള ഇൻഷുറൻസ് ആനുകൂല്യം അപകട മരണങ്ങൾക്കു പുറമെ സ്വാഭാവിക മരണങ്ങൾക്കുകൂടി ബാധകമാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) നോർക്ക വകുപ്പ് പ്രവാസി സംഗമങ്ങൾ സംഘടിപ്പിക്കുന്നത് പ്രവാസിക്ഷേമപദ്ധതികൾ ഇന്ത്യക്കകത്തും പുറത്തുമുള്ള പ്രവാസികൾക്കിടയിൽ പ്രചരിപ്പിക്കുക എന്ന ലക്ഷ്യംകൂടി മുൻനിർത്തിയാണ്. ഇതിനുപുറമെ അംഗീകൃത പ്രവാസി സംഘടനകൾ മുഖേനയും ക്ഷേമപദ്ധതികൾ പ്രചരിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രവാസി ക്ഷേമനിധിയിൽ കൂടുതൽ അംഗങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly